ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പഠിപ്പിക്കേണ്ടിവരുന്ന പീരിയഡുക ളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ആയും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ) ആയും തിരിച്ചിട്ടുണ്ട്. ആഴ്ചയിൽ 15 വരെ പീരിയഡുകൾ പഠിപ്പിക്കേണ്ടവരെ ജൂനിയറായും 15 മുതൽ 25 വരെ പീരിയഡുകൾ പഠിപ്പിക്കേണ്ടവരെ സീനിയറായും കണക്കാക്കുന്നു. പഠിപ്പിക്കേണ്ടിവരുന്ന പീരിയഡുകൾ 14-ൽ കൂടുതൽ ആകുമ്പോൾ അവർക്ക് സീനിയറായി സ്ഥാനക്കയറ്റം നൽകുന്നു.

(ബി) അഞ്ച് ജൂനിയർ അദ്ധ്യാപകർ. നടപടി സ്വീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ലാബ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം

65 [3048] *ശ്രീ. ഷിബു ബേബിജോൺ:*
,, *ജോണി നെല്ലൂർ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള സംവരണതത്വം പാലിച്ച് പ്യൂൺ തസ്തികയിലുള്ളവർക്ക് ലാബ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഈ തസ്തികയിൽ വ്യത്യസ്ത കാലങ്ങളിൽ നിയമനം ലഭിച്ച പ്യൂൺമാരുടെ നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടു ത്താമോ;

(ബി) ഇവരുടെ 2003 മാർച്ച് 28-ന് മുൻപുള്ള കാലയളവിന് അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ തസ്തിക നിജപ്പെടുത്തുകയും മുടങ്ങിക്കിടക്കുന്ന ഇൻക്രി മെന്റുകൾ അനുവദിക്കുകയും ചെയ്യാമോ?

ഉത്തരം

(എ) & (ബി) ലാബ് അസിസ്റ്റന്റായി നിയമിതരായവരുടെ ഒഴിവുകളിൽ പകരം നിയമിതരായവർക്ക് 28-3-2003 മുതൽ നിയമനാംഗീകാരം നൽകാൻ വിദ്യാഭ്യാസ ഓഫീസർമാരെ അധികാരപ്പെടുത്തി 25-6-2005-ൽ ഉത്തരവായിട്ടുണ്ട്. ലാബ് അസി സ്റ്റന്റുമാർക്ക് 28-3-2003 മുതൽക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ആകയാൽ അതുമൂലമുണ്ടായ ഒഴിവുകളിൽ വന്നവർക്കും അവരെ ഉൾക്കൊള്ളാനുള്ള സ്ഥിതീ കരിച്ച ഒഴിവുകൾവന്ന 28-3-2003 മുതൽ മാത്രമേ അംഗീകാരം നൽകാൻ നിർവ്വാഹ മുള്ളു.

(സി) പ്രസ്തുത ഉത്തരവുകളുടെ വെളിച്ചത്തിൽ 28-3-2003 മുതൽ ഇവരുടെ തസ്തിക നിജപ്പെടുത്താനും ചട്ടങ്ങൾക്കു വിധേയമായി ഇവർക്ക് വാർഷിക ഇൻക്രി മെന്റ് അനുവദിക്കാനും തടസ്സങ്ങളില്ല.

LIBRARY ARCHIVES Kerala Legislative Assembly